# പതിമൂന്നാം കേരളനിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.690 — 11/06/2014-ൽ മറുപടിക്ക്

## 108 ആംബുലൻസുകളുടെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |

---

| | | | |
|---|---|---|---|
| (എ) | 108 ആംബുലൻസുകളുടെ പ്രവർത്തനം എല്ലാ ജില്ലകളിലേയ്ക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ എന്നു മുതൽ പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വിശദമാക്കാമോ ; ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്; ഏത് ഏജൻസി വഴിയാണ് നടപ്പിലാക്കുന്നത് ? | (എ) | '108' ആംബുലൻസിന്റെ പ്രവർത്തനം സംസ്ഥാനത്തെ എല്ലാ ജില്ലകളിലും വ്യാപിപ്പിക്കുന്നതിനായി 17.02.2014 തീയതിയിലെ സർക്കാർ ഉത്തരവ് G.O. (MS) No.56/2014/H&FWD പ്രകാരം '108' ആംബുലൻസ് പ്രോജക്ടിന്റെ മാനേജിംഗ് ഏജൻസിയായി കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തുകയുണ്ടായി. ഇതു പ്രകാരം കേരളാ സർക്കാരിന്റെ 287ബി.എൽ.എസ്. (Basic Life Support) ആംബുലൻസുകളും, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യത്തിന്റെ ജനനി ശിശു സുരക്ഷാ കാര്യക്രം (JSSK) പദ്ധതിയിൽ 283 പേഷ്യന്റ് ട്രാൻസ്പോർട്ട് ആംബുലൻസുകളും വാങ്ങി സംസ്ഥാനമൊട്ടാകെ പ്രവർത്തിപ്പിക്കുവാനുള്ള ഒരു ടെൻഡർ ക്ഷണിക്കുകയുണ്ടായി. പ്രസ്തുത ടെൻഡർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് ഈ പ്രോജക്ടിന്റെ പ്രവർത്തനം കേരളമാകെ വ്യാപിപ്പിക്കുന്നതാണ്. കേന്ദ്ര സർക്കാരിന്റേയും (NHM മുഖേന), സംസ്ഥാന സർക്കാരിന്റേയും (DHS മുഖേന) സാമ്പത്തിക സഹായത്തോടു കൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ